**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **29-08-2022 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക ജലാശയങ്ങളുടെ വികസനത്തിനായുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശിക ജലാശയങ്ങളുടെ വികസനത്തിനും പരിപാലനത്തിനുമായി ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ ഭൂരിപക്ഷം ജലാശയങ്ങളിലും വേനൽക്കാലമാകുന്നതോടുകൂടി ജലലഭ്യത കുറയുന്നു. മഴയുടെ ലഭ്യതയിലുള്ള സ്ഥലകാല വ്യതിയാനത്തിനു പുറമേ ഭൂവിനിയോഗത്തിൽ വന്ന മാറ്റവും തണ്ണീർത്തടങ്ങളുടെയും, കുളങ്ങളുടെയും ശോഷണത്തിന് കാരണമായിട്ടുണ്ട്. മണ്ണ് - ജല സംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ "നീർത്തടാടി സ്ഥാനത്തിൽ" ജലസംരക്ഷണവും ഭൂജലപോഷണവും നിർവ്വഹിക്കുക എന്നതാണ് നീരൊഴുക്ക് വർദ്ധിപ്പിക്കു വാനുള്ള ഒരു പ്രധാന മാർഗ്ഗം. ഇത് നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനം ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കി റിഡ്ജ് - ടു - വാലി സമീപനത്തിൽ മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തിയ പ്രവൃത്തികൾ ഏറ്റെടു ത്തിട്ടുണ്ട്. ഇതുവഴി ജലാശയങ്ങളിലെ ജലലഭ്യത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ സമീപകാലത്തായി ആവർത്തിച്ചുണ്ടാകുന്ന പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ തുടങ്ങിയവ മൂലം ജലാശയങ്ങളിൽ എത്തിച്ചേർന്ന ചെളി/ എക്കൽ/ മണ്ണ് മറ്റ ജൈവ അവശിഷ്ടങ്ങൾ എന്നിവ ജലാശയങ്ങളുടെ സ്വാഭാവിക സംഭരണശേഷി കുറച്ചിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും മേൽപ്പറഞ്ഞ മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതു കൂടാതെ നീർച്ചാലുകളുടെ വീണ്ടെടുപ്പിനുള്ള "ഇനി ഞാനൊഴുകട്ടെ" പോലെയുള്ള ജനകീയ ക്യാമ്പയിനുകളും നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് സ്രോതസ്സുകൾക്കു സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും, സ്രോതസ്സ കളുടെ ഇൻടേക് / ഗ്യാലറി /കിണർ എന്നിവയിൽ അടിഞ്ഞു കൂടുന്ന ചെളിയും, മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തും, കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, ജലസംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും, വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും, പായലുകൾ നീക്കം ചെയ്തും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽകണ്ട് തദ്ദേശസ്വയംഭരണം, റവന്യൂ, ആരോഗ്യം, കൃഷി എന്നീ വകുപ്പുകളുടെയും ജല വിഭവ വികസന വിനിയോഗ കേന്ദ്രം, ഹരിത കേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റി, ജലസേചനവകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പിലാക്കിയ സംസ്ഥാന ബോധവൽക്കരണ പ്രചരണ പരിപാടിയായ "ജലം ജീവാമൃതം" പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ജലാശയങ്ങളുടെ സർവ്വേ സംബന്ധിച്ച പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | 2017-2018 അടിസ്ഥാന വർഷമാക്കിയുള്ള ഒന്നാമത് ജലാശയ സെൻസസ്സിന്റെ ഡാറ്റാ എൻട്രി, ഡാറ്റാവാലിഡേഷൻ എന്നിവ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽ നിന്നും പ്രോസസ്സ് ചെയ്ത ഡാറ്റ ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനതല റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ കഴിയുന്നതാണ്. |
| (സി) | ജലാശയങ്ങളുടെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും, നദികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തന ങ്ങൾക്കായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അഷ്ടമുടി, വേമ്പനാട്, ശാസ്താംകോട്ട കായലുകളുടെ ശുചീകരണത്തിനും സംരക്ഷണത്തിനുമുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന റിഡ്ജ്-ടു-വാലി സമീപനത്തോടു കൂടി തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാരമ്പര്യ ജല സ്രോതസ്സുകളെ |

| | | | |
|---|---|---|---|
| | | | മുൻഗണനാടിസ്ഥാന ത്തിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസംഭരണശേഷി വീണ്ടെടുത്ത് സംരക്ഷിക്കുവാനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാ ക്കിയിട്ടുള്ള നീർത്തട മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിച്ച് അവയിലുൾ പ്പെട്ട പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് വകുപ്പുകളുടേയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഘട്ടം ഘട്ടമായി മുഴുവൻ പാരമ്പര്യ ജല സ്രോതസ്സുകളേയും പുനരുജ്ജീവിപ്പി ക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | എല്ലാ പാരമ്പര്യ ജലസ്രോതസ്സുകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും, നദികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തന ങ്ങൾക്കായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അഷ്ടമുടി, വേമ്പനാട്, ശാസ്താംകോട്ട കായലുകളുടെ ശുചീകരണത്തിനും സംരക്ഷണത്തിനുമുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന റിഡ്ജ്-ടു-വാലി സമീപനത്തോടു കൂടി തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാരമ്പര്യ ജല സ്രോതസ്സുകളെ മുൻഗണനാടിസ്ഥാന ത്തിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസംഭരണശേഷി വീണ്ടെടുത്ത് സംരക്ഷിക്കുവാനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാ ക്കിയിട്ടുള്ള നീർത്തട മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിച്ച് അവയിലുൾ പ്പെട്ട പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് വകുപ്പുകളുടേയും സാധ്യതകൾ |

| | | | |
|---|---|---|---|
| | | | പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഘട്ടം ഘട്ടമായി മുഴുവൻ പാരമ്പര്യ ജല സ്രോതസ്സുകളേയും പുനരുജ്ജീവിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ